പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2298 — 08.03. 2017 ൽ മറുപടിക്ക്

**ആശ്രിത നിയമനത്തിനായി ശ്രീമതി സീമ സമർപ്പിച്ച അപേക്ഷ**

ചോദ്യം

ശ്രീ.പി.കെ.ശശി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ആശ്രിത നിയമനത്തിനായി ശ്രീമതി സീമ.കെ, w/o late രമേശ്.പി (സബ്:എഞ്ചിനീയർ), 2013-ൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, വൈദ്യുതി ഭവന് നല്കിയ നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ബി) അതിനുശേഷം കെ.എസ്.ഇ.ബി ചെയർമാനും, മന്ത്രിയ്ക്കും നല്കിയ നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ)&(ബി) കെ.എസ്.ഇ.ബി ലിമിറ്റഡിൽ സബ്എഞ്ചിനിയറായി ജോലി ചെയ്തിരുന്ന പരേതനായ പി. രമേശിന്റെ ഭാര്യ ശ്രീമതി സീമ.കെ 2013-ൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ആശ്രിത നിയമനത്തിനായി അപേക്ഷ നൽകിയിരുന്നു. എന്നാൽ അപേക്ഷക ടൈപ്പ് റൈറ്റിംഗ് കോഴ്സിന് പഠനം നടത്തുന്നതിനാൽ പഠനം പൂർത്തിയാകുന്നതുവരെ ആശ്രിത നിയമനത്തിനുള്ള കാലാവധി നീട്ടി തരണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് 21.07.2014-ൽ പഠനം പൂർത്തിയാക്കാൻ അധിക സമയം നൽകി ഉത്തരവായിരുന്നു. പഠനം പൂർത്തിയാക്കി ടൈപ്പ് റൈറ്റിംഗ് കോഴ്സിൽ യോഗ്യത നേടിയതിനെത്തുടർന്ന് 21.04.2016-ൽ ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിനായി പുതിയ അപേക്ഷ സമർപ്പിക്കുകയും ജൂൺ 2016-ന് സർട്ടിഫിക്കറ്റുകളുടെ പരിശോധനയും ഇന്റർവ്യൂവും നടത്തി ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്താൻ 07/2016-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി ബോർഡിൽ സമർപ്പിച്ചു. പ്രസ്തുത സെലക്ട് ലിസ്റ്റിന് 22.02.2017-ൽ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും നിലവിൽ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുള്ളതിനാൽ നിയമനം നൽകാൻ കഴിയില്ല. |
| (സി) ശ്രീമതി സീമ.കെ-ക്ക് 2013-ൽ അപേക്ഷ നല്കിയിട്ടും നാളിതുവരെ നിയമനം നല്കാനുള്ള കാലതാമസത്തിനുള്ള കാരണം എന്തെന്നും, കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും എപ്പോൾ നിയമനം നൽകുവാൻ കഴിയും എന്നും വ്യക്തമാക്കുമോ? | (സി) 2013-ൽ ആശ്രിത നിയമനത്തിനായി ആദ്യ അപേക്ഷ നൽകിയെങ്കിലും പിന്നീട് അപേക്ഷക ടൈപ്പ് റൈറ്റിംഗ് കോഴ്സ് പൂർത്തിയാക്കാൻ അധിക സമയം ആവശ്യപ്പെടുകയും ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് തസ്തികയിലേക്ക് ആശ്രിത നിയമനത്തിനായി പുതിയ അപേക്ഷ നൽകിയതിനെത്തുടർന്നാണ് ആശ്രിത നിയമനം വൈകിയത്. ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് തസ്തികയിൽ ആശ്രിത നിയമനം നടത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 30.08.2016-ന് ഫയൽ ചെയ്യപ്പെട്ട റിട്ട് പെറ്റിഷൻ [WP (C) No.2017/2016 (B)]-ൽ ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് തസ്തികയിൽ ആശ്രിത നിയമനം നടത്തുന്നത് കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. പ്രസ്തുത കേസിന്റെ തീർപ്പിനു വിധേയമായി മാത്രമേ ശ്രീമതി സീമ.കെ-യുടെ നിയമനം നടത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ